# കാർഷികസംസ്കൃതിയെ തകർക്കുന്ന മദ്യനയം

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

പ്രബുദ്ധകേരളമെന്നാണ് കേരളത്തെ നമ്മൾ അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളത്. വലുപ്പം അടിസ്ഥാനമാക്കിയാൽ കൊച്ചു സംസ്ഥാനമാണ് നമ്മുടേതെങ്കിലും നവോത്ഥാനനായകന്മാർ അടിത്തറയിട്ട സാമൂഹികഭൂമികയിൽ നിന്ന് നമ്മൾ പടുത്തുയർത്തിയത് ഒട്ടും ചെറുതല്ലാത്ത നേട്ടങ്ങളാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ഒരുപക്ഷേ വികസ്വര രാജ്യങ്ങൾക്കുമൊക്കെ മാതൃകയാവുന്ന തരത്തിലുള്ളതാണ് പൊതുവിദ്യാഭ്യാസ രംഗത്തും പൊതുജനാരോഗ്യരംഗത്തുമൊക്കെ നമ്മൾ കരഗതമാക്കിയ നേട്ടങ്ങൾ.

മാനവവികസന സൂചികയിൽ മുന്തിയ സ്ഥാനമാണ് കേരളത്തിനുള്ളത്. ഉത്ബുദ്ധമായ സാമൂഹിക, രാഷ്ട്രീയബോധമുള്ളവരാണ് മലയാളികൾ. സാമൂഹികവും ജാതീയവുമായ അസമത്വങ്ങൾക്കെതിരാണ് മലയാളിയുടെ പൊതുമനസ്സ്. എന്നാൽ നമ്മുടെ സാമൂഹിക സുസ്ഥിതിയെയും പൊതുജനാരോഗ്യത്തെയും ഉത്പാദനക്ഷമതയെയും സാമ്പത്തിക വളർച്ചയെയുമൊക്കെ ബാധിക്കുന്ന തരത്തിൽ വലിയ വെല്ലുവിളി ഉയർത്തുകയാണ് മലയാളിയുടെ മദ്യപാനശീലം.

ഇന്ത്യയിലെ ആളോഹരി മദ്യപാനം 3.5 ലിറ്റർ ആണെന്നിരിക്കെ കേരളത്തിലിത് 8.7 ലിറ്ററാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. നമ്മുടെ മുഖ്യ ഭക്ഷ്യധാന്യമായ അരി വാങ്ങാൻ നമ്മൾ ചെലവിടുന്നതിന്റെ മൂന്നിരട്ടിയിലേറെ തുക മദ്യം വാങ്ങാൻ മലയാളി വർഷം തോറും ചെലവിടുന്നുണ്ട്. ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ മൂന്നുശതമാനത്തിൽ താഴെ വരുന്ന കേരളത്തിലാണ് ഇന്ത്യയിൽ ആകെ ഉത്പാദിപ്പിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ 14 ശതമാനം ഉപഭോഗം നടക്കുന്നത്.മദ്യപിക്കുന്ന പുരുഷന്മാരുടെ അനുപാതം പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് മലയാളി. കടുത്ത രോഗങ്ങൾക്ക് കടുത്ത ചികിത്സാനടപടി വേണം.

ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് മദ്യത്തിന്റെ ഉന്മാദലഹരിയിലാണ്. സാക്ഷരകേരളം രാക്ഷസകേരളമായി മാറുകയാണ്. കുരുന്നുകളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരിവസ്തുക്കളും അടിമകളാകുന്നു. കുടുംബഭദ്രത തകരുകയാണ്. കുടുംബഭദ്രത തകരുമ്പോൾ മക്കളുടെ ഭാവിയും ഇരുളടഞ്ഞതാകും.അത്തരം ഒരു തകർച്ചയുടെ വക്കിലാണ് കേരളം. ആത്മീയതയുടെയും ധാർമികതയുടെയും സനാതനമൂല്യങ്ങളുടെയും പാവനമായബന്ധങ്ങളുടെയും വിളനിലങ്ങളിൽ വരൾച്ച ബാധിച്ചു കഴിഞ്ഞു. മദ്യാസക്തിക്കെതിരെ രാഷ്ട്രീയ-സാമൂഹിക-ജാതീയ-മതപരമായ ചിന്തകൾക്കതീതമായി ജനം ഉണരാൻ സമയമായി.

നാടിന്റെ വികസനപ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ കേരളസഭ പ്രതിജ്ഞാബദ്ധയാണ്. മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളെന്നും സഭയുടെ മുഖമുദ്രയാണ്. മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കും എതിരെയുള്ള പോരാട്ടത്തിൽ കേരളസഭ വളരെ മുൻപന്തിയിലാണ്. സന്ധിയില്ലാസമരം സാമൂഹ്യനന്മയ്ക്കു വേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറയ്ക്കു വേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും ലഹരിക്കുമെതിരെയുള്ള ഈ സാമൂഹ്യഇടപെടൽ. കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ-ലഹരി സംസ്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിക്കുകയാണ്.

ജനാധിപത്യസംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം നൽകേണ്ടത്. രാജ്യത്തിന്റെ ധാർമ്മികനിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തിരഞ്ഞെടുത്ത സർക്കാരിനാണ്. ഇക്കാര്യം ബന്ധപ്പെട്ടവർ വിസ്മരിക്കരുത്. ജനങ്ങളുടെ ആരോഗ്യവും ജീവിതനിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയനേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. ജനങ്ങളുടെ അഭിപ്രായങ്ങളെ മാനിക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയുണ്ട്. ജനാധിപത്യം ഒരു ആട്ടിൻകൂട്ടത്തിന്റെ നിസംഗമായ അനുസരണമല്ല എന്ന ഗാന്ധിയൻസിദ്ധാന്തം എത്ര സുന്ദരമാണ്.

മദ്യലഭ്യതയാണ് മദ്യാസക്തിയുടെ പ്രേരകഘടകം. അതിനാൽ മദ്യലഭ്യത കുറച്ചു കൊണ്ടുവരുവാൻ സർക്കാർ ആത്മാർത്ഥമായി ശ്രമിക്കണം. ചാരായനിരോധനവും ബാറുകളുടെ നിരോധനവുമെല്ലാം മദ്യലഭ്യത കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്ന് മദ്യശാലകൾ ഒഴിവാക്കണമെന്ന 2016 ഡിസംബർ 15 ലെ സുപ്രീം കോടതി വിധിയും മദ്യലഭ്യത കുറയ്ക്കാൻ സഹായകമാണ്. ''കിട്ടാനുള്ള എളുപ്പമാണ് കുടിക്കുവാനുള്ള പ്രേരണ നൽകുന്നത്''. സുപ്രീം കോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ട് മദ്യശാലകൾ മാറ്റി സ്ഥാപിക്കാതെ അവ അടച്ചുപൂട്ടാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. ഒരാൾ മദ്യത്തിനായി ക്യൂ നിൽക്കുമ്പോൾ അഞ്ചിരട്ടി ജനങ്ങൾ അസ്വസ്ഥമായ മനസ്സോടെ വീടുകളിൽ ഇരിപ്പുണ്ട് എന്ന് സർക്കാർ മനസ്സിലാക്കണം. അവരുടെ കണ്ണുനീരും ദുഃഖവും ദുരിതവും കാണാതെ പോകരുത്. ഒരു തുള്ളി മദ്യം ആയിരം തുള്ളി കണ്ണുനീരാണ്. മദ്യം കലഹക്കാരനാണ്. മയക്കുമരുന്ന് ഓജസ്സും തേജസ്സും നശിപ്പിച്ചു നിർജീവമാക്കുന്നു; തലമുറകളെ ബലഹീനമാക്കുന്നു.

മദ്യപിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ദയനീയാവസ്ഥ തിരിച്ചറിഞ്ഞ് ഒരാളും ഇനി ലഹരിയുടെ കെണിയിൽ വീഴരുത് എന്ന ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികളാണ് പ്രോത്സാഹിപ്പിക്കേണ്ടത്.

ലഹരിവിമുക്തമായ ഒരു സമൂഹത്തെ ലക്ഷ്യംവച്ച് നമ്മൾ കർമ്മനിരതരാകേണ്ടിയിരിക്കുന്നു. മദ്യമെന്ന വിപത്തിന്റെ വേരുകൾ വീണ്ടും കേരളത്തിൽ വ്യാപകമാവുകയാണ്. ലഹരിക്കെതിരായപോരാട്ടത്തിൽ ഒരിക്കലും നമ്മൾ അലസത കാട്ടരുത്. വരുംതലമുറ നാശത്തിലേക്ക് വഴുതി വീഴുമ്പോൾ നിഷ്ക്രിയരായിരിക്കരുത്.

കേരളത്തിൽ മദ്യനിരോധനപ്രവർത്തനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റു സംസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കേരള സഭയ്ക്കും കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയ്ക്കും സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കേരളസമൂഹത്തെ മദ്യ -ലഹരി വിമുക്തമാക്കുകയെന്ന വിശുദ്ധ ദൗത്യത്തിൽ ഒരിക്കലും നാം പിന്നോക്കം പോകരുത്. ദുഃഖം, ദാരിദ്ര്യം, രോഗം, കുടുംബകലഹം, കുറ്റകൃത്യങ്ങൾ, അപകടങ്ങൾ, സാമ്പത്തിക തകർച്ച, കെടുതികൾ, ആത്മഹത്യ തുടങ്ങിയവയെല്ലാം മദ്യത്തിന്റെ മക്കളും ചെറുമക്കളും ആകുന്നു. അയഞ്ഞ മദ്യനയം അധാർമികതയുടെ പെറ്റമ്മയാണ്.

**പുതിയ മദ്യനയം**

കോവിഡ് മഹാമാരി മൂലം തകർന്നു ക്ഷീണിച്ച നമ്മുടെ സമൂഹത്തെ വിവിധ മേഖലകളിൽ ഉയർത്തിക്കൊണ്ടു വരേണ്ട സമയത്താണ് ഇടിത്തീപോലെ ജനങ്ങളുടെമേൽ പുതിയ മദ്യനയവുമായി സർക്കാർ രംഗത്തുവന്നിരിക്കുന്നത്. സംസ്ഥാനത്ത് മദ്യലഭ്യത കുറവായത് സംസ്ഥാനത്തിന്റെ അഭിമാനത്തിന് ക്ഷതമേറ്റപോലെ നമ്മുടെ ഭരണകർത്താക്കൾ കാണുന്നു. നമ്മുടെ ധാർമ്മിക ഇടിവും ജനത്തിന്റെ ആരോഗ്യാവസ്ഥയും ആരും മനസ്സിലാക്കുന്നില്ല എന്നത് ഖേദകരമായ അവസ്ഥയാണ്. വർദ്ധിച്ചുവരുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, അനുദിനമെന്നോണം സംഭവിക്കുന്ന വിലക്കയറ്റം, അനിയന്ത്രിതമായി വർധിച്ചുവരുന്ന ഇന്ധനവിലക്കയറ്റം, ആളോഹരി വരുമാനത്തിന്റെ കുറവ് എന്നിവയുടെയെല്ലാം നടുവിലാണ് അടിയന്തര പ്രാധാന്യമുള്ള കാര്യം പോലെ 2022 മാർച്ച് 30 ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗം ഏപ്രിൽ ഒന്നിന് തന്നെ നിലവിൽ വരത്തക്കവിധം പുതിയ മദ്യ നയം പ്രഖ്യാപിച്ചിരിക്കുന്നത്.

സർക്കാർ കണ്ടുപിടിച്ച അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ:-

1. സംസ്ഥാനത്തെ ഐ.ടി പാർക്കുകളിൽ മദ്യം ലഭിക്കാതെ ഉദ്യോഗസ്ഥർ വലയുന്നു. ഇൻഫോപാർക്ക്, ടെക്നോപാർക്ക് തുടങ്ങിയ ഐ.ടി പാർക്കുകളിൽ പ്രത്യേക മദ്യശാലകൾ ഉടൻ തുറക്കാൻ ക്ലബ് മാതൃകയിലുള്ള ലൈസൻസ് നൽകും.

2. മദ്യശാലകളിലെ തിരക്കുകാരണം പൂട്ടിപ്പോയ ഷോപ്പുകൾ അടക്കം പ്രീമിയം ഷോപ്പുകൾ പുനരാരംഭിക്കും.

3. ആവശ്യമായ ഇന്ത്യൻ നിർമിത വിദേശമദ്യമോ, ബിയറോ ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയുന്നില്ലെന്ന പ്രശ്നത്തിന് നിലവിലുള്ള ഉത്പാദനം വർധിപ്പിക്കാനും പുതിയ യൂണിറ്റുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കും.

4. സംസ്ഥാനം നിക്ഷേപസൗഹൃദമാക്കുന്നതിന് പുതിയ ഷാപ്പുകൾക്ക് ലൈസൻസ് നൽകേണ്ടത് ആവശ്യമായിരിക്കുന്നു പോലും! ആയതിനാൽ ട്രാവൻകൂർ ഷുഗേഴ്സിലെ ജവാൻ റം ഉല്പാദനം കൂട്ടാനും മലബാർ ഡിസ്റ്റിലറിയിൽ മദ്യോത്പാദനം ആരംഭിക്കാനും നടപടി സ്വീകരിക്കും.
5. എട്ടു താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകളും കൂടുതൽ വാഹനങ്ങളും 100 പിസ്റ്റളുകളും വാങ്ങും.
6. കള്ളുചെത്ത് വ്യവസായ വികസന ബോർഡ് ഉടൻ പ്രവർത്തനം തുടങ്ങും.
7. വിദേശമദ്യ വില്പന പ്രോത്സാഹിപ്പിക്കാൻ കമ്പ്യൂട്ടർവൽക്കരണം ഉടൻ നടപ്പിലാക്കും.
8. ബിവറേജസ് വില്പനകേന്ദ്രങ്ങളിലെ നീണ്ട ക്യൂ അവസാനിപ്പിക്കും.

**പുതിയ ബാറുകൾ തുറക്കും**

ഇപ്പോൾ ആറ് ബാറുകൾക്കുള്ള അപേക്ഷകൾ പരിഗണനയിലുണ്ട്. വീര്യം കൂടിയ മദ്യത്തിന്റെ വ്യാപാരത്തിനായി പുതിയ മദ്യനയം രംഗത്തുവന്നിരിക്കുകയാണ്.കൂടുതൽ ബാറുകൾ തുറക്കും. മദ്യ ഉപയോഗം ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരുമെന്ന പ്രഖ്യാപനവുമായി അധികാരത്തിലെത്തിയ ഒന്നാം പിണറായി സർക്കാർ, രണ്ടാം ഊഴമായപ്പോഴേക്കും മദ്യലോബികളുടെ പിടിയിൽ അമരുകയാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലുണ്ടായിരുന്നത് 258 ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനകേന്ദ്രങ്ങളും 34 ബാർ ഹോട്ടലുകളുമായിരുന്നു.എന്നാൽ ഇന്ന് ബാറുകളുടെ എണ്ണം 689 ആണ്.ബിയർ വൈൻ പാർലറുകൾ 295, ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വില്പനശാലകൾ 306. പുതിയ ആറ് ബാറുകൾക്കുള്ള അപേക്ഷയും പൂട്ടിപ്പോയ 29 വിദേശമദ്യ വില്പനശാലകളെ സ്റ്റാർമാർക്കറ്റുകളായി ആരംഭിക്കാനും നടപടിയെടുക്കുന്നു.കൂടാതെ 43 ക്ലബ്ബുകളും. നാലായിരത്തിനടുത്തു കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന നമ്മുടെ കൊച്ചു കേരളത്തിൽ ആവശ്യത്തിന് മദ്യം വാങ്ങാൻ സാധിക്കുന്നില്ല എന്നത് വലിയൊരു വിരോധാഭാസമാണ്. ദാരിദ്ര്യത്തിൽ കഴിയുന്നവരാണ് കൂടുതൽ മദ്യപാനികളും.അവരെ കൂടുതൽ മദ്യം നൽകി മുക്കിക്കൊല്ലാനുള്ള ശ്രമമാണ് ഇതിന്റെ പിന്നിൽ. പ്രകടനപത്രികയിൽ പറയുന്ന മദ്യലഭ്യത കുറച്ചുകൊണ്ട് വരുമെന്ന വാഗ്ദാനം നടപ്പിലാക്കാതെ മദ്യലഭ്യത വളർത്താനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നത് ജനദ്രോഹസമീപനം തന്നെയാണ്. പാവപ്പെട്ടവരുടെ ദൗർബല്യങ്ങളെ മുതലെടുത്ത് മദ്യത്തിന്റെ ഉപഭോഗം വർധിപ്പിക്കാനുള്ള നീക്കമല്ലേ മരച്ചീനി, കശുമാങ്ങ, ചക്ക, കൈതച്ചക്ക, വാഴപ്പഴം, ജാതിതൊണ്ട് തുടങ്ങിയവയിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാൻ, എക്സൈസ്

നിയമത്തിൽ ഭേദഗതി പോലും ആവശ്യമില്ലെന്ന എക്സൈസ് മന്ത്രിയുടെ അഭിപ്രായത്തിൽ നിഴലിക്കുന്നത്. 29% താഴെ മാത്രം മദ്യത്തിന്റെ അംശമുള്ള ഉൽപ്പന്നങ്ങൾ സാധാരണരീതിയിൽ ഉൽപാദിപ്പിക്കാമെന്ന ഔദാര്യവും മന്ത്രി നൽകുന്നു. കൂടാതെ ഈ പദ്ധതി നടപ്പിലാക്കിയാൽ മരച്ചീനി കൃഷിക്കാർക്ക് വലിയ അനുഗ്രഹമായിരിക്കുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മരച്ചീനിയിൽ നിന്നും മദ്യനിർമ്മാണത്തിനാവശ്യമായ എഥനോൾ ഉല്പാദിപ്പിക്കാൻ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

മറ്റൊരു വാദം വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിച്ചാൽ വീര്യംകൂടിയ മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാം എന്നതത്രേ. രണ്ടും കൂടുതലായി വിൽക്കാനും കുടിക്കാനും മാത്രമേ ഇത്തരം അന്ധഗജദർശന വാദങ്ങൾ ഉപകാരപ്പെടൂ. നാട്ടിൽ കുടുംബ കലഹങ്ങളും ആത്മഹത്യകളും വർദ്ധിക്കാൻ മാത്രമേ ഇത് കാരണമാകുകയുള്ളൂ. വളരെ ആകർഷകത്വം തോന്നിപ്പിക്കുന്ന മരച്ചീനിമദ്യം നമ്മുടെ കുടുംബങ്ങളുടെ അടിത്തറ ഇളക്കും. ചിന്താശേഷി നഷ്ടപ്പെട്ടവരും ധാർമിക കരുത്തില്ലാത്തവരും മൂല്യചോർച്ചയ്ക്ക് അടിപ്പെട്ടവരുമായ ഒരുപറ്റം ജനങ്ങളെ എന്നും അടിമകളാക്കി നിർത്താൻ മാത്രമേ ഇത് കാരണമാകുകയുള്ളൂ. ബുദ്ധിമാന്ദ്യം സംഭവിച്ചവരായി മലയാളികൾ മാറും.

കേരളത്തിൽ ഏറെ സമാധാനപൂർവ്വകവും മാന്യവുമായ ജീവിതം നയിക്കുന്നവരുടെ ഒരു സമൂഹമാണ് യുവത്വം നിറഞ്ഞ നമ്മുടെ ഐ.ടി. മേഖല. മാന്യതയോടെ ജീവിക്കുന്നവരെന്ന് സമൂഹം കരുതുന്ന ഒരു തൊഴിൽ മേഖലയാണത്. അവരാരും തന്നെ ബാറുകളോ മദ്യശാലകളോ തങ്ങളുടെ സ്ഥാപനത്തിനടുത്ത് വേണമെന്ന മുറവിളി ഉയർത്തുന്നതായി കേരളക്കരയിൽ കേട്ടിട്ടില്ല. മദ്യം വിളമ്പുന്നതിന് വനിതകളെ നിയോഗിക്കൽ, കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ മദ്യശാല തുടങ്ങൽ എന്നീ കാര്യങ്ങളെല്ലാം പൊതുസമൂഹത്തിന്റെ ആവശ്യങ്ങളേയല്ല. പക്ഷേ അവിടെ ഇരയാക്കപ്പെടുന്നത് സാധാരണക്കാരായ പൊതുജനങ്ങളാണ്. സർക്കാർ വഴിവിട്ട രീതിയിലൂടെ പണം സമ്പാദിക്കുകയാണ്. അവയ്ക്കെതിരെ ശബ്ദിക്കുന്നവരുടെ വായ്മൂടികെട്ടാനുള്ള നീക്കം വലിയ ദുരന്തം വിതയ്ക്കുക തന്നെ ചെയ്യും. മദ്യദുരന്തം പലപ്പോഴും നേരിടുന്നവരുടെ നാടാണ് കേരളം. സാക്ഷരത, വിദ്യാഭ്യാസം, സാംസ്കാരം തുടങ്ങി പല മേഖലകളിലും മുന്നിൽ നിൽക്കുന്ന ഒരു നാടിനെ ലോകത്തിന്റെ മുമ്പിൽ അപമാനിക്കാനേ സർക്കാരിന്റെ ഈ നീക്കം സഹായിക്കൂ.

ടൂറിസം വളരണം എന്നതു ശരി തന്നെ. പക്ഷേ മദ്യം ലഭ്യമാക്കിയാലേ ടൂറിസം വളരൂ എന്നത് മിഥ്യാധാരണയാണ്. ഐ.ടി. മേഖലയുടെ വികസനത്തിന് ആവശ്യമായ നൂതന ആശയങ്ങളും മാർഗങ്ങളും കണ്ടെത്താൻ യുവ പ്രൊഫഷണലുകളെ പ്രോത്സാഹിപ്പിക്കാനും, അവരുടെ ജീവിത സാഹചര്യങ്ങൾ ഉയർത്താനും, കൂടുതൽ കോഴ്സുകൾ തുടങ്ങാനും, വിദേശ സഹായം തേടാനും ശ്രമിക്കുക എന്നതാണ് ആവശ്യം.

കൂലിപ്പണിക്കാർ അടക്കമുള്ള താഴ്ന്നവരുമാനക്കാരുടെ കുടുംബങ്ങളെയാണ് മദ്യശാലകളുടെ എണ്ണം പെരുകുന്നത് ബാധിക്കുക. അതുപോലെ കാർഷികോൽപ്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം എന്ന ആശയം തന്നെ കാർഷികസംസ്കൃതിയുടെ തകർച്ചയ്ക്കും തളർച്ചയ്ക്കും കാരണമാകും. തൊഴിൽ ചെയ്ത് ജീവിക്കുന്ന അവരെ മദ്യപാനാസക്തിയിലേക്കു നയിക്കാനേ ഈ തീരുമാനം പ്രയോജനം ചെയ്യുകയുള്ളൂ. സാമൂഹ്യ തിന്മകളുടെ എല്ലാം പിന്നിൽ മദ്യമുണ്ട്. ഒരു സമൂഹത്തെ മുഴുവൻ മദ്യാസക്തിയിലേക്ക് കൊണ്ടുവരുന്നത് മരണസംസ ്കാരമാണ്. ഗൗരവതരമായിട്ടുള്ള ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കേണ്ടതാണ്. അങ്ങനെ സർക്കാർ ജനങ്ങളുടെതാകട്ടെ. സാധാരണക്കാരുടെ ജീവനോപാധിയായിരിക്കുന്ന കപ്പയിന്മേൽ കൈവയ്ക്കരുതേ. നിലവിലുള്ള മദ്യനയത്തിൽ കാതലായ യാതൊരു മാറ്റങ്ങളും വരുത്താതെ കാർഷികമേഖലയെക്കൂടി ഇതിലേക്ക് വലിച്ചിഴച്ച് സാധാരണമനുഷ്യരെ കബളിപ്പിക്കാനുള്ള ഒരു നീക്കമാണ് പുതിയത് എന്ന് വിളിക്കപ്പെടുന്ന ഈ മദ്യനയം.